**കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ**

നമ്പർ :- **No: 142/2025/KDISC/ P- 1**

ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ്
ഗവണ്മെന്റ് വിമൻസ് കോളേജ് റോഡ്
വഴുതക്കാട്, തൈക്കാട് പി ഓ
തിരുവനന്തപുരം -695014
ഫോൺ : 0471-4117000,4117002,4117004
മെയിൽ : ms.kdisc@kdisc.kerala.gov.in
managementservices@kdisc.kerala.gov.in

**തിരുവനന്തപുരം** **തീയതി:-** 11/02/2025

**സർക്കുലർ**

**വിഷയം:-**കെ-ഡിസ്ക് - ഭരണഭാഷ സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്

**സൂചന:-** ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ 11/12/2024 ലെ ഒ.എൽ.3/208/2024-പി&എആർഡി നമ്പർ സർക്കുലർ

ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി കെ-ഡിസ്കിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നറിയിക്കുന്നു.

1. സംസ്ഥാനത്തെ തമിഴ്, കന്നഡ ഭാഷാന്യൂനപക്ഷക്കാർക്ക് ഭരണഭാഷ സംബന്ധിച്ച നിലവിലുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് 1) കേന്ദ്ര സർക്കാർ 2) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ 3) ഹൈക്കോടതി–സുപ്രീംകോടതി 4) ഇതരസംസ്ഥാനങ്ങൾ 5) മറ്റു രാജ്യങ്ങൾ 6) സംസ്ഥാനത്തെ ന്യൂനപക്ഷഭാഷയായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റു ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ 7) ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ കുറിപ്പ്ഫയൽ മലയാളത്തിലായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി കത്തിടപാടുകൾക്ക് ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കേണ്ടതാണ്.

2. നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.

3. ഈ സ്ഥാപനത്തിൽനിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, മറ്റു കത്തിടപാടുകളും കൂടാതെ ഫയൽ കുറിപ്പുകളും, റിപ്പോർട്ടുകളും മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യേണ്ടതും ഉദ്യോഗസ്ഥ ഭരണപരിഷ്കാര(ഔദ്യോഗിക ഭാഷ)വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സൂചനയിലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

ഡോ പി വി ഉണ്ണികൃഷ്ണൻ
മെമ്പർ സെക്രട്ടറി
കെ ഡി സ് ക്

ഉത്തരവിൻപ്രകാരം

Agnu-m.s

സെക്ഷൻ ഓഫീസർ